മുദ്രകൾ

# ഒടുവിൽ ഗുൽ പ്രസിഡന്റ്

**എല്ലാ** കടമ്പകളും മറികടന്ന് അബ്ദുല്ല ഗുൽ പ്രസിഡന്റിന്റെ കൻകയാ കൊട്ടാരത്തിലേക്ക്. തുർക്കിയുടെ പതിനൊന്നാമത്തെ പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ ആഗസ്റ്റ് 28-ന് പാർലമെന്റിൽ മൂന്നാം വട്ട വോട്ടെടുപ്പ് നടന്നപ്പോൾ 550 അംഗങ്ങളിൽ 339 പേർ ഗുലിനെ പിന്തുണച്ചു. ഇടക്കാല തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെ അധികാരത്തിൽ തിരിച്ചെത്തിയ ഇസ്‌ലാമിസ്റ്റ് ആഭിമുഖ്യമുള്ള ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (എ.കെ പാർട്ടി) യുടെ സ്ഥാനാർഥിയായിരുന്നു ഗുൽ. എ.കെ പാർട്ടിക്ക് പാർലമെന്റിൽ 341 അംഗങ്ങളുണ്ട്. മൂന്നാം വട്ട വോട്ടെടുപ്പിൽ ജയിക്കാൻ ഗുലിന് കേവല ഭൂരിപക്ഷമായ 276 വോട്ടുകൾ മതിയായിരുന്നു. എതിർസ്ഥാനാർഥികളായി മത്സരിച്ച വലതുപക്ഷ നാഷ്നൽ ആക്ഷൻ പാർട്ടിയിലെ സബാഹത്തിൻ കാക്മകോഗ്ലുവിനും ഇടത് ആഭിമുഖ്യമുള്ള ഡെമോക്രാറ്റിക് ലെഫ്റ്റ് പാർട്ടിയിലെ തയ്ഫൂൻ ഇസ്‌ലിക്കും യഥാക്രമം 70-ഉം 13-ഉം വോട്ടുകളേ ലഭിച്ചുള്ളൂ.

തുർക്കി പ്രധാനമന്ത്രി റജബ് ത്വയ്യിബ് ഉർദുഗാന്റെ വലംകൈയാണ് അബ്ദുല്ലാ ഗുൽ. തുർക്കിയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സമുന്നത നേതാവായ നജ്മുദ്ദീൻ അർബകാനുമായി വഴിപിരിഞ്ഞ ശേഷം ഇരുവരും ചേർന്നാണ് എ.കെ പാർട്ടി കെട്ടിപ്പടുത്തത്. 1950-ൽ കയ്സേരി നഗരത്തിൽ ജനിച്ച ഗുൽ 1991-ൽ അർബകാന്റെ റഫാഹ് പാർട്ടിയുടെ പ്രതിനിധിയായി പാർലമെന്റിൽ എത്തി. 1996 മുതൽ '97 വരെ അർബകാൻ മന്ത്രിസഭയിൽ അംഗവും പാർട്ടി വക്താവുമായിരുന്നു. റഫാഹ് നിരോധിക്കപ്പെട്ട ശേഷം 1999-ൽ ഫളീല എന്ന പുതിയ പാർട്ടിയുടെ ടിക്കറ്റിൽ പാർലമെന്റിലെത്തി. 2002-ലെ തെരഞ്ഞെടുപ്പിൽ എ.കെ പാർട്ടിക്ക് ഭൂരിപക്ഷം ലഭിച്ചെങ്കിലും നിയമപരമായ കാരണങ്ങളാൽ അതിന്റെ നേതാവ് ഉർദുഗാന് പ്രധാനമന്ത്രിയാകാൻ കഴിയാതെ വന്നപ്പോൾ കെയർടേക്കർ പ്രധാനമന്ത്രിയായി അധികാരമേറ്റത് ഗുൽ ആയിരുന്നു.

ഉർദുഗാനെപ്പോലെ ജനകീയനാണ് ഗുലും. മധ്യപൗരസ്ത്യദേശത്തും യൂറോപ്പിലുമുള്ള നേതാക്കളുമായി അടുത്ത ബന്ധം. സൗമ്യ ഭാഷണം. അറബിയും ഇംഗ്ലീഷും നന്നായി സംസാരിക്കും. കഴിഞ്ഞ മന്ത്രിസഭയിൽ ഗുൽ വിദേശകാര്യ മന്ത്രിയായിരിക്കെയാണ് തുർക്കിയുടെ യൂറോപ്യൻ യൂനിയൻ അംഗത്വത്തിന് വേണ്ടിയുള്ള ചർച്ച സജീവമായത്. ഒരു സാമ്പത്തിക വിദഗ്ധൻ കൂടിയാണ് അദ്ദേഹം. 1971-ൽ ഇസ്തംബൂൾ യൂനിവേഴ്സിറ്റിയിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും 1983-ൽ ഡോക്ടറേറ്റും നേടി. ബ്രിട്ടനിൽ ഉപരിപഠനം നടത്തിയിട്ടുണ്ട്. 1983 മുതൽ 1991 വരെ സുഊദി അറേബ്യയിലെ ഇസ്‌ലാമിക് ഡെവലപ്മെന്റ് ബാങ്കിൽ ജോലി ചെയ്തു. ഈ അറിവും അനുഭവവും എ.കെ പാർട്ടിയുടെ സാമ്പത്തിക പരിഷ്കാരങ്ങൾക്ക് ഏറെ മുതൽക്കൂട്ടായിട്ടുണ്ട്.

തുർക്കിയിൽ ഭരണം കൈയാളുന്നത് തെരഞ്ഞെടുക്കപ്പെട്ട കക്ഷിയാണെങ്കിലും നിയമം വീറ്റോ ചെയ്യാനും ഉയർന്ന ഉദ്യോഗസ്ഥരുടെ നിയമനം തടയാനും ജഡ്ജിമാരെ നിയമിക്കാനുമൊക്കെ അധികാരമുണ്ട് പ്രസിഡന്റിന്. സൈന്യത്തിന്റെ സർവസൈന്യാധിപ സ്ഥാനവും അദ്ദേഹത്തിനായിരിക്കും. ഈ അധികാരങ്ങൾ കണക്കിലെടുത്താണ് സൈനിക നേതൃത്വവും മതവിരുദ്ധ കക്ഷികളും ഗുൽ പ്രസിഡന്റാവാതിരിക്കാൻ തെരഞ്ഞെടുപ്പു പ്രക്രിയ തന്നെ അട്ടിമറിച്ചത്.

ഈ ഭീഷണി ഇപ്പോഴും നിലനിൽക്കുന്നുവെന്നാണ് സൈനിക നേതൃത്വത്തിന്റെ പ്രസ്താവനകൾ വ്യക്തമാക്കുന്നത്. 'തിന്മയുടെ കേന്ദ്രങ്ങൾ' രാജ്യത്തിന്റെ സെക്യുലർ ഘടനയിൽ തൊട്ടുകളിച്ചാൽ നോക്കിയിരിക്കില്ലെന്നാണ് അവരുടെ മുന്നറിയിപ്പ്. ഗുലിന്റെ ഇസ്‌ലാമിക പശ്ചാത്തലം ഉന്നംവെച്ചുള്ള വെടിയാണിത്.

എന്നാൽ ഗുലിന്റെ നിലപാടുകൾക്ക് ജനസ്വീകാര്യത വർധിക്കുന്നു എന്നാണ് ഒടുവിലത്തെ സർവേ ഫലങ്ങൾ. *മില്ലത്ത്* ദിനപത്രം പ്രസിഡന്റ് തെരഞ്ഞെടു

# ദാർഫൂറിലെ ദുരിതബാധിതർക്ക് വേണ്ടി

**'ഇറാഖികൾക്കും** ഫലസ്തീനികൾക്കും പീഡിതരായ മറ്റു ജനവിഭാഗങ്ങൾക്കും നിങ്ങൾ ധനസഹായം നൽകുന്നുണ്ട്. ഞങ്ങളുടെ ദുരിതങ്ങൾ നിങ്ങൾ കാണാതെ പോകുന്നത് എന്തുകൊണ്ട്?' ചോദ്യം ദാർഫൂർ നിവാസികളുടേതാണ്. ബ്രിട്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇസ്‌ലാമിക് റിലീഫി(ഐ.ആർ)ന്റെ പ്രതിനിധികൾ സുഡാനിലെ കലാപബാധിത പ്രവിശ്യയായ ദാർഫൂർ സന്ദർശിച്ചപ്പോഴാണ് അന്നാട്ടുകാർ പരാതികളുടെ കെട്ടഴിച്ചത്. ഉടൻ മുസ്‌ലിം എയ്ഡ് പോലുള്ള സന്നദ്ധ സംഘടനകളുമായി കൂടിയാലോചിച്ചു. ദാർഫൂറിൽ കഷ്ടപ്പെടുന്നവർക്കായി ഫണ്ട് ശേഖരിക്കാൻ ലണ്ടനിലെ വെംബ്ലി സ്റ്റേഡിയത്തിൽ ഒക്ടോബർ 21-ന് ഒരു സംഗീത പരിപാടി സംഘടിപ്പിക്കാൻ തീരുമാനമായി.

സംഗീത സദ്യയൊരുക്കുന്നത് മുസ്‌ലിം കലാകാരന്മാരുടെ പൊതുവേദി എന്ന് പറയാവുന്ന Awakening Entertainment. ഇന്ത്യയിൽനിന്നും ഈജിപ്തിൽനിന്നുമൊക്കെ ഗായകർ എത്തുന്നുണ്ട്. മുസ്‌ലിംലോകത്തെ ഏറ്റവും ജനകീയനായ റോക് സ്റ്റാർ എന്ന് *ടൈം* വാരിക വിശേഷിപ്പിച്ച സാമി യൂസുഫാണ് പരിപാടിയുടെ ഏറ്റവും വലിയ ആകർഷണം. ബ്രിട്ടീഷുകാരനായ ഈ അസ്രിവംശജന്റെ 'മുഅല്ലിം' എന്ന ഗാന ആൽബം രണ്ട് മില്യൻ കോപ്പികളാണ് വിറ്റഴിഞ്ഞത്.

'ദാരിദ്ര്യനിർമാർജനം ലക്ഷ്യം വെച്ച് 2005-ൽ ലോകവ്യാപകമായി Live 8 എന്ന പേരിൽ സംഗീത പരിപാടികൾ സംഘടിപ്പിക്കപ്പെട്ടിരുന്നു. അതിനെ മാതൃകയാക്കിയാണ് ലണ്ടൻ പ്രോഗ്രാം'- സംഘാടകരിലൊരാളും ഇസ്‌ലാമിക് റിലീഫിന്റെ ചെയർമാനുമായ ജഹാംഗീർ മാലിക് പറഞ്ഞു. ■

പ്പിന് തൊട്ടു മുമ്പ് നടത്തിയ സർവേയിൽ, ഹിജാബ് ധരിച്ച സ്ത്രീ പ്രസിഡന്റിന്റെ കൊട്ടാരത്തിൽ കയറുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ലെന്ന് 72 ശതമാനം പേരും വിധിയെഴുതി. ഹിജാബ് ധരിക്കുന്ന ഗുലിന്റെ ഭാര്യ ഹൈറുന്നിസ ഒസ്യുർട്ട് പ്രസിഡൻഷ്യൽ കൊട്ടാരത്തിൽ കയറിയാൽ മതേതരത്വം തകർന്നുവീഴുമെന്നായിരുന്നു സൈനിക നേതൃത്വത്തിന്റെയും മതവിരുദ്ധരുടെയും പ്രചാരണം. 'എന്തിന് ഇതേ ചൊല്ലി ഇത്ര ബഹളം? പ്രസിഡന്റാകുന്നത് ഞാനല്ലേ. എന്റെ ഭാര്യയല്ലല്ലോ?' - ഗുലിന്റെ കമന്റ്. ■

## യൂസുഫുൽ ഇസ്‌ലാം, സാമി യൂസുഫ് വീഡിയോ ഗാനങ്ങൾ

**യൂസുഫുൽ** ഇസ്‌ലാമിന്റെയും സാമി യൂസുഫിന്റെയും പ്രശസ്ത വീഡിയോ ഗാന ആൽബങ്ങൾ ജമാഅത്ത് സൈറ്റിലൂടെ ലഭ്യമാണ്. വിഖ്യാത പോപ് സംഗീതജ്ഞനായിരുന്ന കാറ്റ് സ്റ്റീവൻസ് 1977-ലാണ് യൂസുഫുൽ ഇസ്‌ലാമാകുന്നത്. അദ്ദേഹത്തിന്റെ ഗാനങ്ങളിലും ആ മാറ്റം പ്രതിഫലിച്ചു.

അറബി, ഇംഗ്ലീഷ്, ഉർദു തുടങ്ങിയ ഭാഷകളിലെ ഇസ്‌ലാമിക വീഡിയോ ഗാനങ്ങളിലൂടെ ഇതിനകം ശ്രദ്ധേയനായ യുവ സംഗീതജ്ഞനാണ് സാമി യൂസുഫ്. ലോകത്തിലെ ഏറ്റവും മികച്ച സംഗീതകലാലയമായ ലണ്ടനിലെ റോയൽ അക്കാദമി ഓഫ് മ്യൂസിക്കിൽനിന്ന് 18-ാം വയസ്സിൽ സ്കോളർഷിപ്പ് നേടിയ സാമി യൂസുഫ് പിന്നീട് കലയെയും സംഗീതത്തെയും ഇസ്‌ലാമിക പ്രബോധനരംഗത്ത് പ്രയോജനപ്പെടുത്തുകയായിരുന്നു. അസ്‌രീ വംശജരായ ഒരു സംഗീത കുടുംബത്തിൽ 1980-ലായിരുന്നു സാമിയുടെ ജനനം. 'യൂ ട്യൂബ്' വഴിയാണ് jihkerala.org-ൽ യൂസുഫുൽ ഇസ്‌ലാമിന്റെയും സാമി യൂസുഫിന്റെയും ഗാനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. ■

# 'കർണാടകയിലും തമിഴ്നാട്ടിലും എം.പി.ജെ രൂപവത്കരിക്കും'

**മൂവ്മെന്റ്** ഫോർ പീസ് ആന്റ് ജസ്റ്റിസ് (എം.പി.ജെ)ന്റെ ആന്ധ്രപ്രദേശിലെ പ്രസിഡന്റാണ് മൗലാനാ അബ്ദുൽ അസീസ്. കഴിവുറ്റ സംഘാടകൻ, പ്രഗത്ഭ വാഗ്മി. ജനകീയ പ്രശ്നങ്ങൾ ഏറ്റെടുക്കുകയും രാഷ്ട്രീയത്തിൽ സമ്മർദശക്തിയായി നിലകൊള്ളുകയുമാണ് എം.പി.ജെയുടെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. രണ്ട് വർഷം മുമ്പാണ് എം.പി.ജെയുടെ പിറവി. ഇതിനകം നിരവധി സാമൂഹിക, മനുഷ്യാവകാശ പ്രശ്നങ്ങളിൽ സംഘടന ഇടപെടുകയുണ്ടായി.

'ഇത് മുസ്‌ലിംകൾക്ക് മാത്രമുള്ള സംഘടനയല്ല. എല്ലാവരെയും അഭിസംബോധന ചെയ്യാനാണ് ഞങ്ങളുടെ ശ്രമം. പ്രോത്സാഹജനകമായ പ്രതികരണങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. നിയമജ്ഞർ, രാഷ്ട്രീയ നേതാക്കൾ, സാമൂഹിക പ്രവർത്തകർ തുടങ്ങി സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവർ ഞങ്ങളുമായി സഹകരിക്കാൻ തയാറായിട്ടുണ്ട്. സംഘടനയുടെ പ്രവർത്തനം കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ട്'- അബ്ദുൽ അസീസ് പറഞ്ഞു.

ഭൂപരിഷ്കരണം പോലുള്ള പ്രശ്നങ്ങളിൽ സംസ്ഥാനത്തെ കോൺഗ്രസ് ഗവൺമെന്റ് ഏറക്കുറെ അനുകൂല നിലപാടാണ് സ്വീകരിക്കുന്നത് എന്ന അഭിപ്രായക്കാരനാണ് അദ്ദേഹം. പക്ഷേ അത്തരം പരിഷ്കരണങ്ങൾ പ്രയോഗത്തിൽ വരുത്തുമ്പോൾ ഭരണകൂടത്തിന് ഒട്ടേറെ സമ്മർദങ്ങൾ നേരിടേണ്ടിവരും. ജനങ്ങളെ ബോധവത്കരിച്ച് സാമൂഹികതിന്മകൾക്കെതിരെ അണിനിരത്തുക എന്നത് മാത്രമാണ് ഇത്തരം സമ്മർദങ്ങളെ അതിജീവിക്കാനുള്ള ഏകവഴി.

ഖമ്മമിലും ഹൈദറാബാദിലും എം.പി.ജെയുടെ ഏറ്റവും പുതിയ ലീഗൽ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവശവിഭാഗങ്ങൾക്ക് നീതിലഭ്യമാക്കുകയാണ് ലക്ഷ്യം. ഒട്ടേറെ നിയമജ്ഞർ ഇത്തരം സമിതികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. എം.പി.ജെയുടെ കീഴിലുള്ള വിമൻസ് സെൽ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഒരു കാമ്പയിൻ സംഘടിപ്പിക്കാനുള്ള ഒരുക്കത്തിലാണ്. ■